കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് - എം.എൻ ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി- മുഴുവൻ സബ്സിഡി തുകയും ഭവന നിർമ്മാണ ബോർഡിൽ നിന്നും ലഭ്യമാക്കുന്നത് - മാർഗ്ഗ നിർദ്ദേശ ഉത്തരവിൽ മാറ്റം വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ(സാധാ)നം:708/2011/തസ്വഭവ തിരുവനന്തപുരം, തീയതി: 5/3/2011**

---

**പരാമർശം:-** 1. സ.ഉ (എം.എസ്) 226/2008/തസ്വഭവ തീയതി, 19/8/2008

2. ഭവന നിർമ്മാണ വകുപ്പിന്റെ 22/1/11-ലെ സ.ഉ (എം.എസ്)05/11/ഭവനം നമ്പർ ഉത്തരവ്.

3. സ.ഉ (എം.എസ്) 146/09/തസ്വഭവ തീയതി, 29/7/2009.

## ഉത്തരവ്

പരാമർശം (1) പ്രകാരം എം.എൻ ലക്ഷം വീട് നവീകരണ പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് ഖണ്ഡിക (5) പ്രകാരം എം.എൻ ലക്ഷം വീട് പുനരുദ്ധാരണ പദ്ധതിയ്ക്കായുള്ള സബ്സിഡിയുടെ 50% സംസ്ഥാന ഗവൺമെന്റ് വിഹിതമായി ഭവന നിർമ്മാണ ബോർഡിൽ നിന്നും ലഭിക്കുന്നതാണെന്നും ബാക്കി 50% തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനുവദിക്കേണ്ടതാണെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിഹിതം നൽകുന്നതിന് വികസനഫണ്ട്/തനത്ഫണ്ട്/ജനറൽ പർപ്പസ് ഫണ്ട് വിനിയോഗിക്കാമെന്നും ഉത്തരവായിരുന്നു.

പരാമർശം (2) പ്രകാരം സബ്സിഡി തുക വർദ്ധിപ്പിച്ച് ഉത്തരവായിരുന്നു. എന്നാൽ പരാമർശം (3) പ്രകാരം അനുവദിക്കുന്ന മുഴുവൻ സബ്സിഡി തുകയും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വഴി നൽകുന്നതിന് അനുമതി നൽകി ഭവന നിർമ്മാണ വകുപ്പ് ഉത്തരവാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 5-ൽ മാറ്റം വരുത്തണമെന്നും ഭവന നിർമ്മാണവകുപ്പ് അഭ്യർത്ഥിച്ചിരുന്നു.

ഭവന വകുപ്പിന്റെ മേൽ ആവശ്യം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 5-ൽ താഴെപ്പറയും പ്രകാരം മാറ്റം വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എം.എൻ ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി പ്രകാരം വീടുകൾ നിർമ്മിക്കുവാൻ ദാരിദ്ര രേഖയ്ക്ക് താഴെയുള്ള പൊതുവിഭാഗം 75,000/- രൂപ പട്ടികജാതി/ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ അംഗങ്ങളായുള്ള പൊതുവിഭാഗം കുടുംബം/ആശ്രയ കുടുംബം 1,00,000/- രൂപ പട്ടികവർഗ്ഗം 1,25,000/- രൂപയും പരമാവധി സബ്സിഡി അനുവദിക്കാവുന്നതാണ്. സബ്സിഡിയുടെ 100%വും സംസ്ഥാന സർക്കാർ വിഹിതമായി സംസ്ഥാന

ഭവന നിർമ്മാണ ബോർഡിൽ നിന്നും ലഭിക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മേൽ ആവശ്യത്തിനായി തുക ചെലവഴിക്കാൻ പാടില്ലാത്തതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ബി.സരസ്വതി അമ്മ
അഡീഷണൽ സെക്രട്ടറി

എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ ചെയർപേഴ് സൻമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണബോർഡ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി(ജില്ലാകളക്ടർമാർ)മാർക്കും
എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ
ഓഫീസ് കോപ്പി/കരുതൽഫയൽ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ